**4261/ എൽ/ കെ എസ് എച്ച് ഒ** **12/07/2017**

**ജെൻഡർ കോർണർ- മൈഗ്രേഷൻ സെന്റർ**

കുടുംബശ്രീ സി ഡി എസ് തലത്തിൽ ആരംഭിച്ച ജെൻഡർ കോർണറുകളും അവയുടെ പ്രവർത്തനങ്ങളും പ്രാദേശിക തലത്തിൽ സ്ത്രീകളുടേതായ ഒരിടം എന്ന ആശയം മുൻ നിർത്തിയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾക്ക് വായനയ്ക്കും വിജ്ഞാനത്തിനുമുള്ള അവസരം സൃഷ്ടിക്കുക, ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് സംവാദങ്ങൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, സ്ത്രീകളുടെ സർഗ്ഗാത്മകത പ്രകടനത്തിനുള്ള വേദിയായി മാറുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയോജിതപ്രവർത്തനം, സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും പങ്കിടാനുമുള്ള ഒരു വേദി, എന്നീ നിലകളിലാണ് ജെൻഡർ കോർണർ നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഇതിനോടൊപ്പം സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ജാഗ്രതാ സമിതികളുമായി സംയോജിച്ചുകൊണ്ട് പ്രാദേശികമായി പരിഹാരം കാണുക എന്ന ലക്ഷ്യവും ജെൻഡർ കോർണർ പ്രവർത്തനങ്ങൾക്കുണ്ട്. കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനവുമായി സംയോജിപ്പിച്ച് കൊണ്ട് കൗൺസിലിംഗ്, നിയമസേവന സംവിധാനങ്ങൾ എന്നിവയും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾക്കായി മുൻകൈയെടുക്കുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങളുടെ പ്രാദേശിക തലത്തിലെ പാർശ്വ ഘടകമായാണ് ജെൻഡർ കോർണറുകളുടെ പ്രവർത്തനം നടന്നു വരുന്നത് പ്രാദേശിക തലത്തിൽ റിസോഴ്സ് പേഴ്സൺമാരുടേയും കുടുംബശ്രീ അംഗങ്ങളുടേയും സഹകരണം ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങളിൽ ഉറപ്പു വരുത്താൻ ഈ സംവിധാനം സഹായകരമാവുന്നു. കമ്മ്യൂണിറ്റി കൗൺസിലേർസ്., സ്നേഹിത ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെയാണ് ജെൻഡർ കോർണർ പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നത്.

വാർഡ് തലങ്ങളിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം നടത്തേണ്ടത് സി ഡി എസ് തലത്തിൽ പ്രവർത്തിക്കുന്ന ജെൻഡർ കോർണറുകൾ വഴിയാണ്. ട്രാഫിക്കിംഗ് ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും സ്ത്രീകൾക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ആവശ്യമായ പിന്തുണയും സഹായവും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് എല്ലാ ജില്ലകളിൽനിന്നും അഞ്ച് വീതം ജെൻഡർ കോർണറുകളെ മൈഗ്രേഷൻ സെന്ററുകളാക്കി പ്രവർത്തനം വിപുലപ്പെടുത്താൻ ശ്രമിക്കുന്നത്. ഇതിനായി

- ഓരോമാസവും ജെൻഡർ കോർണറിൽ പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാർ/വിജിലൻസ് ഗ്രൂപ്പ്/സി.ഡി.എസ് സപ്പോർട്ടിംഗ് ടീം അംഗങ്ങൾ എന്നിവർ കൂടിയിരുന്ന് അതത് മാസത്തെ പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കുക.
- വിവിധ വകുപ്പുകളുടെ ഏകോപന യോഗങ്ങൾ മൂന്ന് മാസത്തിൽ ഒരിക്കൽ സംഘടിപ്പി ക്കുക.
- കമ്മ്യൂണിറ്റി കൗൺസിറുടെ സേവനം ആഴ്ചയിൽ ഒരു ദിവസവും ജെൻഡർ കോർണറിൽ ലഭ്യമാക്കുക.
- KELSA വഴി നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സാക്ഷരതാമിഷൻ വഴി സാക്ഷരതാക്ലാസ്സുകൾ നടത്തുക
- Library council മായി ചേർന്ന് ലൈബ്രറി രൂപീകരിക്കുക.
- വിവിധ വകുപ്പുകളുടെ സേവനങ്ങളും ഫോൺ നമ്പറും അടങ്ങിയ ഡയറക്ടറി സൂക്ഷിക്കു ക.
- സമിതി എല്ലാമാസവും ഒരേ ദിവസം കൂടുക.
- കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ജെൻഡർ കോർണർ/മൈഗ്രേഷൻ സെന്റർ പ്രവർത്തനങ്ങളിൽ ഉറപ്പു വരുത്തുക.

**ജെൻഡർ റിസോഴ്സ് സെന്റർ/ ബ്ലോക്ക്ലെവൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബ്ലോക്ക് തലങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കാവുന്നതാണ്. സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലെ അവസ്ഥകളെ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് സമൂഹത്തിൽ അവരുടേതായ ഒരു സ്ഥാനം ഉറപ്പിക്കുക, പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും തദ്ദേശസ്വയംഭരണ തലത്തിൽ ലിംഗ പദവിയിൽ അധിഷ്ഠിതമായ ഒരു സ്ഥിരം സംവിധാനം അനിവാര്യമാണ്. ഈ സെന്റർ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സ്ത്രീ പക്ഷ നിലപാടുകൾക്ക് പ്രാധാന്യം നൽകുക, അത് വഴി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും കഴിവ് വർദ്ധിപ്പിക്കുക, പദ്ധതികളെയും പ്രവർത്തനങ്ങളെയും സ്ത്രീ പക്ഷ

കാഴ്ചപ്പാടോടു കൂടി കണ്ട് വികസിപ്പിക്കുക എന്നിവയാണ്. ഈ സെന്റർ വഴി പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് ജെൻഡർ കോർണർ, മൈഗ്രേഷൻ സെന്റർ പ്രവർത്തകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരവും ഒരുക്കുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന/ആരംഭിക്കാനിരിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണതലത്തിൽ ഏകോപിപ്പിക്കുന്നതിനും ജെൻഡർ റിസോഴ്സ് സെന്ററുകൾക്ക് സാധിക്കും

എല്ലാ ജില്ലകളിലും അഞ്ച് വീതം മോഡൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുമ്പോൾ ആ പ്രദേശത്തെ സ്ത്രീകൾക്കും കുട്ടികൾക്കും വായനയ്ക്കും വിജ്ഞാനത്തിനുമുള്ള അവസരങ്ങൾ സൃഷ്ടിച്ച് പൊതുസമൂഹത്തെ സ്ത്രീ സൗഹൃദമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ സാധിക്കും.

കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും ഈ സെന്റർ പര്യാപ്തമാകണം. പ്രീമാരിറ്റൽ കൗൺസിലിംഗ്, കൗമാരക്കാരായ കുട്ടികൾ, വൃദ്ധജനങ്ങൾ എന്നിവർക്കും ആവശ്യമായ പരിശീലനങ്ങൾ കൗൺസിലിംഗ് സെന്റർ വഴി നൽകാൻ സാധിക്കും.

**കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രവർത്തനം**

- ജില്ലയിൽ നിലവിലുള്ള കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഏകദിന റിവ്യൂ സംഘടിപ്പിക്കുക.
- പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുകയും പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യുന്നവരെ കണ്ടെത്തി അവരുടെ സേവനം തുടർപ്രവർത്തനങ്ങളിൽ ഉറപ്പു വരുത്തുക
- സേവന സന്നദ്ധരായ പുതിയ കൗൺസിലർമാരെ ആവശ്യമെങ്കിൽ നിയമിക്കുക. 3 സി ഡി എസ്സുകൾക്ക് ഒരാൾ എന്ന നിലയിൽ ജില്ലയിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതുണ്ട്.
- പുതുതായി കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നുണ്ടെങ്കിൽ അവർക്കാവശ്യമായ പ്രാപ്തിവർദ്ധനവ് പരിശീലനം നൽകുക.
- കൗൺസിലർമാരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സെഷനുകൾ സി ഡി എസ്, വാർഡ്, അയൽക്കൂട്ട തലങ്ങളിൽ നടത്തേണ്ടതുണ്ട്.
- കൂടാതെ ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളായ പ്രീമാരിറ്റൽ കൗൺസിലിംഗ്, കൗമാരക്കാരായ കുട്ടികൾ, വൃദ്ധജനങ്ങൾ എന്നിവർക്കും ബഡ്സ് /ബി ആർ സി കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പരിശീലനവും നടത്തേണ്ടതുണ്ട്.

- മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയും ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അത്തരം പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നടക്കേണ്ടതുണ്ട്.
- പരിശീലനത്തിനായി ഒരു ദിവസം മുഴുവൻ കൗൺസിലർമാർ പ്രവർത്തിക്കുകയും ആവശ്യമായ റിപ്പോർട്ടുകൾ ജില്ലാ മിഷനിൽ സമർപ്പിച്ച് ജെൻഡർ പ്രോഗ്രാം മാനേജരുടെ സാക്ഷ്യപ്പെടുത്തൽ ലഭിക്കുന്ന മുറയ്ക്ക് ഒരു ദിവസത്തേക്ക് 500 രൂപ ഹോണറേറിയവും യഥാർത്ഥ യാത്രാബത്തയും അനുവദിക്കാവുന്നതാണ്.
- കൗൺസിലിംഗുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കായി (ഉദാ-കേസുകളുമായി ബന്ധപ്പെട്ട്)പ്രവർത്തനറിപ്പോർട്ടുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഒരു ദിവസത്തേക്ക് 500 രൂപ ഹോണറേറിയവും യഥാർത്ഥ യാത്രാബത്തയും അനുവദിക്കാവുന്നതാണ്. ജെൻഡർ പ്രോഗ്രാം മാനേജരുടെ സാക്ഷ്യപ്പെടുത്തൽ ഇതിന് അനിവാര്യമാണ്.
- ജെൻഡർ കോർണറുകൾ, റിസോഴ്സ് സെന്ററുകൾ, മൈഗ്രേഷൻ സെന്ററുകൾ, ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പങ്കാളിത്തം പൂർണ്ണ തോതിൽ ഉണ്ടായിരിക്കണം

വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ആഭ്യന്തര വകുപ്പ് സാമൂഹ്യനീതി വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കമ്മ്യൂണിറ്റി കൗൺസിലർമാർ റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതുണ്ട്. ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾക്കായി ഒരു സെന്ററിന് 10000/-(പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി തുക സെന്ററിന്റെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി വിനിയോഗിക്കാൻ പാടുള്ളതല്ല.

ഡയറക്ടർ(എ&എഫ്)

എക്സിക്യൂട്ടീവ് ഡയറക്ടർക്ക് വേണ്ടി

കുടുംബശ്രീ